## കേരള കത്തോലിക്കാസഭയിലെ വിവിധ സന്ന്യാസസമൂഹങ്ങളിലെ മേജർ സുപ്പീരിയർമാരുടെ പിഒസിയിൽ ചേർന്ന സമ്മേളനം അംഗീകരിച്ച പ്രമേയം

വ്രതത്രയങ്ങളായ ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നിവ പൂർണ അറിവോടും ബോധ്യത്തോടും തികഞ്ഞ സ്വാതന്ത്ര്യത്തോടുംകൂടി ജീവിതക്രമമായി ഏറ്റെടുത്ത് ദൈവരാജ്യത്തെപ്രതി ജീവിതത്തെ പൂർണമായും പ്രാർത്ഥനയ്ക്കും മാനവസേവനത്തിനുമായി സമർപ്പിച്ചു സമൂഹജീവിതം നയിക്കുന്നവരാണ് സന്ന്യസ്തർ. കേരള കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ-ആതുരശുശ്രൂഷാ മേഖലകളെയും സാമൂഹിക സേവനരംഗങ്ങളെയും കരുതലിന്റെ ശുശ്രൂഷാവേദികളും മികവിന്റെ കേന്ദ്രങ്ങളുമാക്കിത്തീർക്കുന്നതിൽ കേരളസഭയിലെ മുപ്പത്തിനാലായിരത്തോളം വരുന്ന സന്ന്യസ്തർ സുപ്രധാന പങ്കാണ് വഹിക്കുന്നത്. പൊതുസമൂഹം നല്കുന്ന സ്നേഹാദരങ്ങളിൽ ഞങ്ങൾക്ക് സന്തോഷവും കൃതജ്ഞതയുമുണ്ട്. എങ്കിലുംസന്യാസത്തെയും സമർപ്പിത ജീവിതത്തെയും വികലമായി ചിത്രീകരിക്കുകയും വിലകുറച്ചു കാണിക്കുകയും ചെയ്യുന്ന പ്രവണത സമീപകാലത്ത് കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ വർധിച്ചു വരുന്നതിൽ ഞങ്ങൾക്ക് ആശങ്കയും പ്രതിഷേധവുമുണ്ട്. സന്ന്യാസജീവിതം നയിക്കുന്നവർ അരക്ഷിതരും അസംതൃപ്തരുമാണെന്ന് പ്രചരിപ്പിക്കാൻ ബോധപൂർവമുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

അടുത്തകാലത്ത് കേരളത്തിലുണ്ടായ ചില സംഭവങ്ങളും സന്ന്യാസവ്രതങ്ങളോടും നിയമങ്ങളോടും നീതിപുലർത്തി ജീവിക്കാൻ കഴിയാത്ത ചിലരുടെ വാക്കുകളും ഏറ്റെടുത്ത് അതിനെ സാമാന്യവത്കരിക്കുകയും സന്ന്യസ്തരുടെ ബ്രഹ്മചര്യസമർപ്പണത്തെയും അനുസരണത്തെയും അധിക്ഷേപിക്കുകയും അസത്യങ്ങളും അർധസത്യങ്ങളും ഉന്നയിച്ച് മാധ്യമവിചാരണ നടത്തുകയും ചെയ്യുന്ന പ്രവണത വർധിച്ചുവരുന്നു. ആദിമക്രൈസ്തവരുടെ അരൂപിയിൽ എല്ലാവരും അധ്വാനിക്കുകയും സന്ന്യാസസമൂഹത്തിനുള്ള സകലതും പൊതുവായി കരുതി വ്യക്തിജീവിതത്തിൽ ദാരിദ്ര്യവും വിരക്തിയും പാലിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ആധുനിക ലോകത്തിന് അവിശ്വസനീയമായി തോന്നുന്നുവെങ്കിൽ അതിനു സന്ന്യാസജീവിതത്തെയോ സഭയെയോ കുറ്റപ്പെടുത്തുന്നത് ശരിയല്ല. സിനിമയിലും സാഹിത്യത്തിലും സന്ന്യാസജീവിതത്തെ വികലമായി ചിത്രീകരിക്കുകയും സംസ്കാരത്തിനു യോജിക്കാത്തവിധം ദുഷ്പ്രചാരണം നടത്താൻ ചിലർ ബോധപൂർവം ശ്രമിക്കുകയും ചെയ്യുന്നത് ഏറെ വേദനാജനകമാണ്. എല്ലാ വെളിച്ചവും ഊതിക്കെടുത്തി ഇരുട്ടിനെ പ്രകീർത്തിക്കുന്നതല്ല, കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനമെന്ന് സമൂഹം തിരിച്ചറിയണം. ലോക മനസ്സാക്ഷിക്ക് നന്മതിന്മകളെക്കുറിച്ചുള്ള അറിവു പകരുന്നതിലും ചരിത്രത്തെ നയിച്ച നവോത്ഥാന പരിശ്രമങ്ങൾക്ക് നേതൃത്വം നല്കുന്നതിലും കത്തോലിക്കാസഭയിലെ സന്ന്യാസപ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് കാണാതിരിക്കരുത്. സന്ന്യാസജീവിതത്തെപ്പറ്റി തെറ്റിദ്ധാരണയുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രചാരവേല അത്യന്തം അപലപനീയമാണ്.

സമകാലിക കേരളത്തിൽ പ്രത്യക്ഷപ്പെട്ട Save Our Sisters (SOS) എന്നൊരു സംഘടന കത്തോലിക്കാസഭയുടെയോ സമുദായത്തിന്റെയോ ഭാഗമല്ല. ചിലരുടെ സ്വാർത്ഥതാത്പര്യത്തെ മുൻനിർത്തിയും സഭയെ തകർക്കാൻ ആഗ്രഹിക്കുന്ന ബാഹ്യശക്തികളുടെ പിൻതുണയോടും കൂടി പ്രവർത്തിക്കുന്ന ഈ സംഘടനയെ ഞങ്ങൾ പൂർണമായും തിരസ്കരിക്കുന്നു. ഈ സംഘടനയുടെ സഹായവും സംരക്ഷണവും ഞങ്ങൾക്കാവശ്യമില്ല. കേരളത്തിലെ സമർപ്പിതർ, വിശിഷ്യാ സന്ന്യാസിനികൾ നിസ്സഹായരും നിരാലംബരുമാണെന്ന മുൻവിധിയോടെ അവരെ രക്ഷിക്കാനെന്ന പേരിൽ തുടങ്ങിയിരിക്കുന്ന ഈ സംഘടന സത്യത്തിൽ, സന്ന്യാസത്തെയും സമർപ്പിതരെയും അവഹേളിക്കുകയാണ് ചെയ്യുന്നത്. ഈ ജീവിതത്തിലേക്ക് ഞങ്ങളെ നയിച്ച ദൈവത്തിന്റെയും അമ്മായരുൾപ്പെടെയുള്ള വിശ്വാസസമൂഹത്തിന്റെയും സന്ന്യാസസമൂഹത്തിന്റെയും സംരക്ഷണവും സുരക്ഷിതത്വവും വേണ്ടുവോളം ഞങ്ങൾക്കുണ്ട്. “കുരിശിന്റെ ഭോഷത്തം” (1 കോറി 1:8) ജീവിതത്തിന്റെ മാർഗമാക്കിയവരാണ് ഞങ്ങൾ സന്ന്യസ്തർ. ഞങ്ങളെ ലോകത്തിന്റെ പ്രവണതകൾക്കനുസരിച്ച് മാറ്റിയെടുക്കാനുള്ള ശ്രമം ശരിയല്ല. സന്ന്യസ്തരുടെ മനുഷ്യാവകാശത്തെയും വിമോചനത്തെയും കുറിച്ച് വാചാലരാകുന്ന മാധ്യമ പ്രവർത്തകരും മനുഷ്യാവകാശ പ്രവർത്തകരെന്നവകാശപ്പെടുന്നവരും ഇക്കാര്യം കാണാതിരിക്കരുത്. നിശ്ശബ്ദത ഞങ്ങ

ളുടെ ആത്മീയതയുടെ ഭാഗമായിരിക്കെ, ആ നിശ്ശബ്ദതയെ ബലഹീനതയുടെ അടയാളമായി കണക്കാക്കി ഞങ്ങളെയും കത്തോലിക്കാസഭയെയും അവഹേളിക്കാൻ ഇനിയും ഇക്കൂട്ടർ തുനിയുകയാണെങ്കിൽ അതിനെതിരേ പരസ്യമായി പ്രതിഷേധിക്കാനും നിയമനടപടികൾ സ്വീകരിക്കാനും ഞങ്ങൾ നിർബന്ധിതരായിത്തീരും.

സന്ന്യാസസമൂഹങ്ങളുടെ നിയമാവലിപ്രകാരം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായ ഞങ്ങളിൽത്തന്നെയാണ് ഞങ്ങളുടെ സന്ന്യാസസമൂഹങ്ങളുടെ നയപരവും സാമ്പത്തികവും ഭരണപരവുമായ ഉത്തരവാദിത്വങ്ങൾ നിക്ഷിപ്തമായിരിക്കുന്നത്. ആയതിനാൽ, ഞങ്ങളെ വൈദികരുടെയോ മെത്രാന്മാരുടെയോ അടിമകളായി ചിത്രീകരിക്കുന്നത് അപലപനീയവും ഞങ്ങളെ ഇകഴ്ത്തുന്നതിന് തുല്യവുമാണ്. സന്ന്യാസസമൂഹങ്ങളുടെ ആഭ്യന്തരകാര്യങ്ങളുടെ നടത്തിപ്പു പൂർണമായും സന്ന്യസ്തരിൽ നിക്ഷിപ്തമാണ്. അത്തരത്തിലാണ് കത്തോലിക്കാസഭയുടെ കാനോൻ നിയമം കൃത്യമായി സന്ന്യാസജീവിതത്തെ ക്രമീകരിച്ചിരിക്കുന്നത്.

സമർപ്പിത ജീവിതം നയിക്കുന്നവരിൽ ചിലർ മനുഷ്യസഹജമായ ബലഹീനതമൂലം സന്ന്യാസജീവിതത്തിന്റെ സംശുദ്ധി കൈവിടുന്നതു ഏറെ സങ്കടകരമായ കാര്യമാണ്. ആന്തരിക അപചയങ്ങൾ മൂടിവയ്ക്കുന്ന പ്രസ്ഥാനമല്ല കത്തോലിക്കാസഭയും സന്ന്യാസസമൂഹങ്ങളും. നിരന്തരമായ ആത്മശോധനയും പശ്ചാത്താപവും ജീവിത നവീകരണവും സഭയുടെയും സന്ന്യാസജീവിതത്തിന്റെയും ആന്തരിക ചൈതന്യവും ശൈലിയുമാണ്. സമർപ്പിതജീവിതം നയിക്കുന്നവരും മറ്റുപൗരൻമാരെപ്പോലെ രാജ്യത്തെ നിയമങ്ങൾക്കു വിധേയരാണ്. വ്രതവാഗ്ദാനങ്ങളനുസരിച്ച് ജീവിക്കാൻ പരാജയപ്പെട്ട ചിലർ ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ പുരോഗമന പരിവേഷമണിഞ്ഞ് സഭയെയും സന്ന്യാസത്തെയും അധിക്ഷേപിക്കുന്ന പ്രവൃത്തിയെ ആദർശവൽക്കരിക്കുന്ന പ്രവണത സഭയ്ക്കും സമൂഹത്തിനും അപകടകരമാണ്. ആർഷഭാരതത്തിന്റെ ആത്മാവ് സന്ന്യാസജീവിതത്തിന്റെ മൂല്യങ്ങളോട് ചേർന്നുനില്കുന്നതാണ് എന്ന തിരിച്ചറിവ് സമൂഹത്തിനുണ്ടാകണം.

മേജർ സുപ്പീരിയേഴ്സ് കോൺഫറൻസിനുവേണ്ടി വൈസ് പ്രസിഡന്റ് മദർ ലിറ്റിൽ ഫ്ളവർ എസ്.ഐ.സി. അവതരിപ്പിച്ച പ്രമേയം യോഗം അംഗീകരിച്ചു. കേരളത്തിലുള്ള മുപ്പത്തിനാലായിരത്തോളം വരുന്ന സന്ന്യസ്തരുടെ 274 മേജർ സുപ്പീരിയർമാരാണ് യോഗത്തിൽ സംബന്ധിച്ചത്. കെസിബിസി റിലീജിയസ് കമ്മീഷൻ ചെയർമാൻ ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം യോഗം ഉദ്ഘാടനം ചെയ്തു. കെസിഎംഎസ് പ്രസിഡന്റ് റവ. ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി. അധ്യക്ഷനായിരുന്നു. 'മാറുന്ന സംസ്കാരവും സന്ന്യാസജീവിതത്തിലെ പ്രതിസന്ധികളും' എന്ന വിഷയത്തിൽ ബിഷപ് ജോസഫ് പാംബ്ലാനിയും 'അച്ചടക്കം സഭയിലും സെക്കുലർ സമൂഹത്തിലും' എന്ന വിഷയത്തിൽ ജേക്കബ് പുന്നൂസ് ഐപിഎസും, 'സമകാലിക കേരളവും സാംസ്കാരിക പ്രതിസന്ധികളും' എന്ന വിഷയത്തിൽ ഡോ. അഗസ്റ്റിൻ സിഎസ്റ്റിയും പ്രബന്ധം അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് മോഡറേറ്ററായിരുന്നു.

**റവ. ഫാ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ**
പ്രസിഡന്റ്, കേരള കോൺഫെറൻസ് ഓഫ്
മേജർ സുപ്പീരിയേഴ്സ് (കെസിഎംഎസ്)

**റവ. സി. ലിറ്റിൽ ഫ്ളവർ എസ്ഐസി**
വൈസ് പ്രസിഡന്റ്, കെസിഎംഎസ്

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെസിബിസി

പിഒസി,
12.03.2019